**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4755** **01-11-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകാമോ? | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ NABARD RIDF XXV – Improovements to Kunissery Vallanghy Road km 0/000 to 6/460 km എന്ന പ്രവൃത്തി 24.01.2020 – ലെ സ.ഉ (സാധാ) നം 100/2020/ പി.ഡബ്ല്യൂഡി പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിയതാണ്. ആയത് SVEM Infrastructure എന്ന കരാറുകാരൻ ആണ് 409.53 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ടി പ്രവൃത്തി 31/08/2021 ന് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ നബാർഡ് പദ്ധതികൾ ഒന്നും തന്നെ നിരത്ത് വിഭാഗത്തിൽ ഇല്ല. കെട്ടിട വിഭാഗത്തിനു കീഴിലുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. NABARD – RIDF ആലത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണം. എസ്റ്റിമേറ്റ് തുക - 56.96 ലക്ഷം പൂർത്തീകരിച്ച തീയതി - 28.10.2016 നിലവിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ നബാർഡ് പദ്ധതികൾ ഒന്നും തന്നെ കെട്ടിട വിഭാഗത്തിൽ ഇല്ല. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ നബാർഡ് പ്രവൃത്തികൾ ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ